KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ - 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

സൂചന നമ്പർ: 13037/റിക്കവറി/2021 തീയതി: 30.11.2021

## സർക്കുലർ നമ്പർ: 89 /2021 (റിക്കവറി)

വിഷയം: റവന്യൂ റിക്കവറി കുടിശ്ശിക നിവാരണത്തിനുവേണ്ടി പുതിയ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി (OTS) [RR & Non-RR അക്കൗണ്ടുകൾക്ക്] നടപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന:1) 30.09.2021 തീയതിയിലെ 553-ാം നമ്പർ ഡയറക്ടർബോർഡിലെ 9371-ാം നമ്പർ പ്രമേയ തീരുമാനം.

2) 14.11.2021 തീയതിയിലെ നികുതി (എച്ച്) വകുപ്പിന്റെ സ.ഉ.(സാധാ)നം764/2021/നി.വ. നമ്പർ സർക്കാർ ഉത്തരവ്.

**********

നിഷ്ക്രിയ ആസ്തി പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന അക്കൗണ്ടുകളിലും (ആർ ആർ), ആർ ആർ ആക്കാത്ത ഭീമമായ കുടിശ്ശികയുള്ള (Non-RR) അക്കൗണ്ടുകളിലും കുടിശ്ശിക തീയതിയെ അടിസ്ഥാനമാക്കി മുൻകാലയളവിൽ 'ILAVU-2017', 'ILAVU-2018', 'സുവർണ്ണജൂബിലി ഇളവ്-2019', 'ആശ്വാസ്-2020', എന്നീ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതികൾ കമ്പനി പ്രഖ്യാപിക്കുകയും അതനുസരിച്ച് കുടിശ്ശികക്കാരിൽ നിന്നും ഒരു പരിധിവരെ കുടിശ്ശിക തുക പിരിച്ചെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ സാമ്പത്തികമായും സാമൂഹികമായും രാജ്യം നേരിട്ട പ്രതിസന്ധികളിൽ പലിശയിളവ് പോലുള്ള ആനുകൂല്യങ്ങൾ നൽകുക വഴി വലിയ ഒരു കൈത്താങ്ങായി ജനങ്ങളുടെ ഇടയിൽ നിലകൊള്ളുവാൻ കെ എസ് എഫ് ഇ യ്ക്ക് കഴിഞ്ഞു എന്നുള്ളത് കെ എസ് എഫ് ഇ യുടെ ജനകീയത വർദ്ധിപ്പിക്കുന്നു.

സാമ്പത്തികരംഗം ഉണർവ്വിന്റെ പാതയിലാണ് എന്നിരിക്കിലും, ജനങ്ങളുടെ ക്രയശേഷി അതിന്റെ പൂർണ്ണതോതിൽ എത്തിചേർന്നിട്ടില്ല. 'ആശ്വാസ്-2020' ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 26.10.2021 ന് അവസാനിച്ചുവെങ്കിലും സാമ്പത്തികാവസ്ഥ പൂർണ്ണമായും മെച്ചപ്പെടുന്ന സാഹചര്യമല്ലാത്തതുകൊണ്ട് ഈ പദ്ധതി നീട്ടിക്കിട്ടുന്നതിനായി ഇപ്പോഴും കുടിശ്ശികക്കാരുടെ നിരന്തരമായ അഭ്യർത്ഥനകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. അതു പരിഗണിച്ച് 30.09.2021 ന് ചേർന്ന ഡയറക്ടർ ബോർഡ് യോഗം സർക്കാർ തീരുമാനത്തിന് വിധേയമായി പുതിയ ഒരു ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തുവാൻ തീരുമാനിക്കുകയും, സൂചന (2) പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭിക്കുകയും ചെയ്തു.

കോവിഡ്-19 മൂലം സംഭവിച്ച സാമ്പത്തിക തളർച്ചയുടെ പശ്ചാത്തലത്തിൽ 'ആശ്വാസ്-2020' ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരം കമ്പനി RR വിഭാഗത്തിലും Non-RR വിഭാഗത്തിലുമായി കുടിശ്ശികക്കാർക്ക് വലിയ തോതിലുള്ള പലിശയിളവ് നൽകിയിട്ടും ഉദ്ദേശിച്ച രീതിയിൽ കുടിശ്ശിക പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. മാത്രവുമല്ല, ശാഖകളിലെ Non-RR വിഭാഗത്തിലുള്ള കുടിശ്ശികയുടെ തോത് ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുന്നു. ഇത് ആശാസ്യമല്ല. അടിയന്തിരമായി ശാഖകളിലെ കുടിശ്ശിക ഗണ്യമായ തോതിൽ കുറച്ചുകൊണ്ടുവരേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്.

KERALA STATE FINANCIAL ENTERPRISES * THRISSUR * H.O. (R.R.) Date:

ഈ പദ്ധതിയുടെ പിരിവ് ലക്ഷ്യമായി 31.10.2021 ലെ എസ് ഡി ടി ഓഫീസുകളിലെ ആർ ആർ കുടിശ്ശിക തുകയും, Non-RR വിഭാഗത്തിലെ പിരിവ് ലക്ഷ്യമായി 31.10.2021 ലെ ശാഖകളിലെ കുടിശ്ശിക തുകയും നിശ്ചയിച്ചുകൊണ്ട് കുടിശ്ശികയുള്ള RR & Non-RR അക്കൗണ്ടുകൾ തീർപ്പാക്കുന്നതിനായി താഴെപ്പറയുന്ന രീതിയിൽ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുവാൻ ഉത്തരവ് നൽകുന്നു.

## ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി (RR & Non-RR അക്കൗണ്ടുകൾക്കായി)

1) ഈ പദ്ധതിയുടെ നാമധേയം ***'ആശ്വാസ്-2021'*** എന്നാണ്.

2) ഈ പദ്ധതി പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമാണ്.

3) ഈ പദ്ധതിയുടെ കാലാവധി ***01.12.2021 മുതൽ 31.01.2022 വരെയാണ്***

## *RR അക്കൗണ്ടുകൾക്ക് (എസ് ഡി ടി ഓഫീസിലുള്ള) ഈ പദ്ധതിപ്രകാരം നിർദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ:*

ഈ പദ്ധതിപ്രകാരം ***ആർ ആർ*** അക്കൗണ്ടുകളിലെ കുടിശ്ശികക്കാർക്ക് അനുവദിക്കാവുന്ന വിവിധ നിരക്കിലുള്ള പലിശയിളവ് താഴെപ്പറയുന്ന പ്രകാരമാണ്.

| **കുടിശ്ശിക കാലയളവ്** (Date of commencement of default) | **പലിശ നിരക്കിലുള്ള ഇളവ്** (ശതമാന കണക്കിൽ) | | **പലിശ തുകയിലുള്ള ഇളവ്** (സംഖ്യയിൽ) | |
|---|---|---|---|---|
| | ചിട്ടി | വായ്പ | ചിട്ടി | വായ്പ |
| **01.04.2016 ന് മുൻപ്** കുടിശ്ശികയായ അക്കൗണ്ടുകൾക്ക് | **10.80%** | **12.15%** | **90%** | **90%** |
| **01.04.2016 മുതൽ 31.03.2018** വരെയുള്ള കാലയളവിൽ കുടിശ്ശികയായ അക്കൗണ്ടുകൾക്ക് | **9.60%** | **10.80%** | **80%** | **80%** |
| **01.04.2018 മുതൽ 31.03.2020** വരെയുള്ള കാലയളവിൽ കുടിശ്ശികയായ അക്കൗണ്ടുകൾക്ക് | **8.40%** | **9.45%** | **70%** | **70%** |
| **01.04.2020 മുതൽ 31.03.2021** വരെയുള്ള കാലയളവിൽ കുടിശ്ശികയായ അക്കൗണ്ടുകൾക്ക് | **7.20%** | **8.10%** | **60%** | **60%** |

1) ഭവന വായ്പ, ചിട്ടി എന്നിവ ഒഴികെയുള്ള അക്കൗണ്ടുകളിൽ മുതലിന് തുല്യമായ തുക പലിശയായി ലഭിച്ചാൽ ടി പദ്ധതിപ്രകാരം അക്കൗണ്ട് തീർപ്പാക്കാവുന്നതാണ്.

2) **കോടതിയിൽ ഇരിയ്ക്കുന്നവയോ, തർക്കവിഷയമായിട്ടുള്ളവയോ ആയ കേസുകൾ ഉപഭോക്താവിന്റെ/ പരാതിക്കാരന്റെ/ ബന്ധപ്പെട്ടവരുടെ എഴുതി തയ്യാറാക്കിയ സമ്മതപത്ര പ്രകാരം തീർപ്പാക്കാവുന്നതാണ്.**

3) ഈ പദ്ധതിപ്രകാരം മുഴുവൻ തുകയും അടച്ച് ഒറ്റതവണയായി അക്കൗണ്ട് അവസാനിപ്പിക്കേണ്ടത് ആണെങ്കിലും അർഹതപ്പെട്ടവർക്ക് തവണകളായി അടച്ച് ടി പദ്ധതിയുടെ കാലാവധിയ്ക്കുള്ളിൽ അക്കൗണ്ട് അവസാനിപ്പിയ്ക്കുവാനുള്ള അവസരം ഉണ്ടായിരിക്കും. അതുപ്രകാരം തവണകളായി അടക്കുന്ന തുക General Suspense Account ൽ വരവ് വച്ച് ക്ലോസ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് മാറ്റേണ്ടതുള്ളൂ. ആയതിന് ബന്ധപ്പെട്ടവർ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

KERALA STATE FINANCIAL ENTERPRISES * THRISSUR H.O. (R.R.) Date:

4) *എസ് ഡി ടി ഓഫീസിലുള്ള ഫയലുകളിൽ മേൽപ്രകാരം നിശ്ചയിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകി പരമാവധി അക്കൗണ്ടുകൾ ഈ പദ്ധതി കാലയളവിൽ തീർപ്പാക്കേണ്ടതാണ്. ഇതിനുവേണ്ടി എസ് ഡി ടി ഓഫീസിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.*

5) കമ്പനിയെ മന:പ്പൂർവ്വം വഞ്ചിച്ച കേസുകൾ, കെ.എസ്.എഫ്.ഇ യിലെ ജീവനക്കാരുടേയോ, ജീവനക്കാരുടെ അടുത്ത ബന്ധുക്കളുടെയോ (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) അക്കൗണ്ടുകൾ/ ജാമ്യം നിൽക്കുന്ന അക്കൗണ്ടുകൾ എന്നിവ ഈ പദ്ധതിയിൽ പരിഗണിയ്ക്കുന്നതല്ല.

6) ഈ പദ്ധതിയ്ക്ക് മുൻപ് അവസാനിപ്പിച്ചിട്ടുള്ള അക്കൗണ്ടുകളൊന്നും പുന:പരിശോധിക്കുന്നതല്ല.

7) ആർ ആർ ആയ ഫയലുകളെ സംബന്ധിച്ചിടത്തോളം ഓരോ ആർ ആർ അക്കൗണ്ടിലും ഇനി അടയ്ക്കുവാനുള്ള തുകയ്ക്കാണ് (മേൽ ബാധ്യത) പലിശ ഇളവ് കണക്കാക്കുക. ഇതുവരെ അടച്ച തുക പലിശ ഇളവിനായി കണക്കാക്കുന്നതല്ല.

8) ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയിൽ തീർപ്പാകാത്ത ഫയലുകൾ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയുടെ അനുബന്ധകമ്മിറ്റിയുടെ തീരുമാനപ്രകാരമോ, വിവിധ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് (മേഖലാതലത്തിൽ/ഹെഡ് ഓഫീസ് തലത്തിൽ) പ്രത്യേകം അദാലത്ത്മേളകൾ സംഘടിപ്പിക്കുക വഴിയോ തീർപ്പാക്കാവുന്നതാണ്.

9) പ്രസ്തുത അദാലത്ത് നടപ്പിലാക്കുന്നതിനും നിയന്ത്രിക്കുന്നതും ഇളവുകൾ നൽകുന്നതും **മേഖലാ തലത്തിൽ** ബന്ധപ്പെട്ട മേഖലാ ഓഫീസിന്റെ കീഴിലുള്ള ശാഖാമാനേജരും, മേഖലാ ഓഫീസിലെ Default Recovery Manager, മേഖലാ അസിസ്റ്റന്റ് ജനറൽ മാനേജർ, കമ്പനി നിശ്ചയിക്കുന്ന ഡയറക്ടർ ബോർഡ് അംഗം, [RR ഫയലുകളാണെങ്കിൽ സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ ആർ) ഓഫീസുകളിലെ മാനേജർമാരും] എന്നിവരാണ്. മേൽ സൂചിപ്പിച്ച കമ്മിറ്റി തീരുമാനം അനുസരിച്ച് ഫയലുകൾ തീർപ്പാക്കുകയാണെങ്കിൽ പ്രസ്തുത തീരുമാനപ്രകാരം തീർപ്പാക്കിയ ഫയലുകളുടെ സാധൂകരണത്തിനായി ആയവ കമ്പനി ബോർഡിന്റെ OTS Subcommittee യുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

10) ***ഈ പദ്ധതികാലയളവിൽ*** റവന്യൂ റിക്കവറിയിലേയ്ക്ക് മാറ്റപ്പെടുന്ന ആർ ആർ ഫയലുകൾക്ക് ഈ പദ്ധതിപ്രകാരം പലിശയിളവിന് അർഹതയുണ്ടായിരിക്കുന്നതാണ്

11) ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയിലും അദാലത്ത് മേളയിലും തീർപ്പാക്കുന്ന ഫയലുകൾ പദ്ധതികാലയളവിനുള്ളിലോ, അദാലത്ത് മേളയിലെ തീരുമാനമനുസരിച്ച് കുടിശ്ശിക തീർപ്പാക്കുവാൻ അനുവദിക്കുന്ന നിശ്ചിത കാലയളവിനുള്ളിലോ പണമടച്ച് അവസാനിപ്പിക്കുന്ന പക്ഷം സർക്കാർ കളക്ഷൻ ചാർജ്ജ് പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

12) RR/Non-RR വിഭാഗങ്ങളിലെ കുടിശ്ശിക തുക എത്രയാണോ അത്രയും തന്നെയാണ് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ ആർ) ഓഫീസുകൾക്കും/ശാഖകൾക്കും പിരിവ് ലക്ഷ്യമായി നിശ്ചയിച്ചിട്ടുള്ളത്.

13) ഈ പദ്ധതികാലയളവിൽ ഒരു അക്കൗണ്ടിൽ ഒരിക്കൽ മാത്രമേ ഇളവ് നൽകാവൂ.

KERALA STATE FINANCIAL ENTERPRISES • THRISSUR • H.O. (RA)

## *Non-RR* അക്കൗണ്ടുകൾക്ക് (ശാഖാ തലത്തിലുള്ള) ഈ പദ്ധതിപ്രകാരം നിർദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ:

ഈ പദ്ധതിപ്രകാരം ശാഖകളിലെ *Non-RR* അക്കൗണ്ടുകളിലെ കുടിശ്ശികക്കാർക്ക് അനുവദിക്കുന്നതിനായി നിർദ്ദേശിക്കുന്ന വിവിധ നിരക്കിലുള്ള പലിശയിളവ് താഴെപ്പറയുന്ന പ്രകാരമാണ്.

| കുടിശ്ശിക കാലയളവ് (Date of commencement of default) | പലിശ നിരക്കിലുള്ള ഇളവ് (ശതമാന കണക്കിൽ) | പലിശ തുകയിലുള്ള ഇളവ് (സംഖ്യയിൽ) |
|---|---|---|
| | ചിട്ടി | ചിട്ടി |
| **01.04.2016 ന് മുൻപ് കുടിശ്ശികയായ അക്കൗണ്ടുകൾക്ക്** | 10.80% | 90% |
| **01.04.2016 മുതൽ 31.03.2018 വരെയുള്ള കാലയളവിൽ കുടിശ്ശികയായ അക്കൗണ്ടുകൾക്ക്** | 9.60% | 80% |
| **01.04.2018 മുതൽ 31.03.2020 വരെയുള്ള കാലയളവിൽ കുടിശ്ശികയായ അക്കൗണ്ടുകൾക്ക്** | 8.40% | 70% |
| **01.04.2020 മുതൽ 31.03.2021 വരെയുള്ള കാലയളവിൽ കുടിശ്ശികയായ അക്കൗണ്ടുകൾക്ക്** | 6.00% | 50% |

1) ശാഖയിൽ നിന്നും റവന്യൂ റിക്കവറിയ്ക്ക് അയച്ച് ഫയൽ ആവാത്ത കേസുകളിൽ കുടിശ്ശികക്കാരെ വീണ്ടും ബന്ധപ്പെട്ട് പുതിയ പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകി സർക്കാർ കളക്ഷൻ ചാർജ്ജ് ഒന്നും തന്നെ ഈടാക്കാതെ അതത് ശാഖാമാനേജർമാർക്ക് തീർപ്പാക്കാവുന്നതാണ്.

2) ഭവന വായ്പ, ചിട്ടി എന്നിവ ഒഴികെയുള്ള അക്കൗണ്ടുകളിൽ മുതലിന് തുല്യമായ തുക പലിശയായി ലഭിച്ചാൽ ടി പദ്ധതിപ്രകാരം അക്കൗണ്ട് തീർപ്പാക്കാവുന്നതാണ്.

3) കോടതിയിൽ ഇരിയ്ക്കുന്നവയോ, തർക്കവിഷയമായിട്ടുള്ളവയോ ആയ കേസുകൾ ഉപഭോക്താവിന്റെ/ പരാതിക്കാരന്റെ/ ബന്ധപ്പെട്ടവരുടെ എഴുതി തയ്യാറാക്കിയ സമ്മതപ്പത്ര പ്രകാരം തീർപ്പാക്കാവുന്നതാണ്.

4) ഈ പദ്ധതിപ്രകാരം മുഴുവൻ തുകയും അടച്ച് ഒറ്റതവണയായി അക്കൗണ്ട് അവസാനിപ്പിക്കേണ്ടത് ആണെങ്കിലും അർഹതപ്പെട്ടവർക്ക് തവണകളായി അടച്ച് ടി പദ്ധതിയുടെ കാലാവധിയ്ക്കുള്ളിൽ അക്കൗണ്ട് അവസാനിപ്പിയ്ക്കുവാനുള്ള അവസരം ഉണ്ടായിരിക്കും. അതുപ്രകാരം തവണകളായി അടക്കുന്ന തുക General Suspense Account ൽ വരവ് വച്ച് ക്ലോസ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് മാറ്റേണ്ടതുള്ളൂ. ആയതിന് ബന്ധപ്പെട്ടവർ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5) കമ്പനിയെ മന:പ്പൂർവ്വം വഞ്ചിച്ച കേസുകൾ, കെ.എസ്.എഫ്.ഇ യിലെ ജീവനക്കാരുടേയോ, ജീവനക്കാരുടെ അടുത്ത ബന്ധുക്കളുടെയോ (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) അക്കൗണ്ടുകൾ/ ജാമ്യം നിൽക്കുന്ന അക്കൗണ്ടുകൾ എന്നിവ ഈ പദ്ധതിയിൽ പരിഗണിയ്ക്കുന്നതല്ല.

6) ഈ പദ്ധതിയ്ക്ക് മുൻപ് അവസ്സാനിപ്പിച്ചിട്ടുള്ള അക്കൗണ്ടുകളൊന്നും പുന:പരിശോധിക്കുന്നതല്ല.

7) കുടിശ്ശികയുള്ള അക്കൗണ്ടുകൾ തീർക്കുവാനായി കമ്പനിയിൽ നിന്നും കുടിശ്ശികക്കാരന് മറ്റ് വായ്പകൾ അനുവദിക്കുന്നതല്ല. എന്നാൽ ചിട്ടിപ്പണം കുടിശ്ശികയിലേക്ക് മാറ്റുന്നതിൽ തടസ്സമില്ല.

8) കൂടുതൽ പ്രശ്നക്കാരും, കാലാകാലങ്ങളായി ശാഖ/ എസ് ഡി ടി കളിൽ നിന്നും കുടിശ്ശിക തീർക്കാനുള്ള അറിയിപ്പുകളിൽ തീരെ പ്രതികരിക്കാത്തവരും ആയ കുടിശ്ശികക്കാരെ വീണ്ടും വീണ്ടും ചിട്ടികളിൽ ചേർക്കുന്നത് ഒഴിവാക്കുന്നതാണ്. പന്ത്രണ്ട് (12) തവണയിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള കുടിശ്ശികക്കാരെ കുടിശ്ശിക തീർക്കാതെ യാതൊരു കാരണവശ്ശാലും പുതിയ ചിട്ടിയിൽ ചേർക്കാനോ/വായ്പ നൽകാനോ പാടുള്ളതല്ല.

9) കമ്പനിയുടെ സ്ഥിരനിക്ഷേപ രശീതി, CSDT, മറ്റ് അംഗീകൃത ബാങ്കുകളിലെ സ്ഥിരനിക്ഷേപ രശീതി, സ്വർണ്ണം, വിളിക്കാത്ത ചിട്ടിയുടെ പാസ് ബുക്ക്, എൽ ഐ സി പോളിസി, മറ്റ് കമ്പനികളുടെ ഇൻഷുറൻസ് പോളിസികൾ, കിസാൻ വികാസ് പത്ര, നാഷണൽ സേവിംഗ് സർട്ടിഫിക്കറ്റ് എന്നീ സുരക്ഷിതമായ ഈടുകൾ ഉള്ള അക്കൗണ്ടുകളിൽ കുടിശ്ശിക വരുത്തിയിട്ടുള്ള കേസുകൾക്ക് ഈ പദ്ധതി ബാധകമല്ല.

10) **Non-RR** വിഭാഗത്തിൽ ശാഖകളിൽ 31.03.2021 നോ അതിനു മുൻപോ കുടിശ്ശികയുള്ള അക്കൗണ്ടുകൾക്ക് മാത്രമേ ഈ പദ്ധതിപ്രകാരം പലിശയിളവിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

11) RR/Non-RR വിഭാഗങ്ങളിലെ കുടിശ്ശിക തുക എത്രയാണോ അത്രയും തന്നെയാണ് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ ആർ) ഓഫീസുകൾക്കും/ശാഖകൾക്കും പിരിവ് ലക്ഷ്യമായി നിശ്ചയിച്ചിട്ടുള്ളത്.

12) ശാഖകളിൽ വിളിക്കാത്ത ചിട്ടികളിലെ കുടിശ്ശിക തീർക്കുവാൻ കെ എസ് എഫ് ഇ യിലെ ജീവനക്കാരെയും ജീവനക്കാരുടെ അടുത്ത ബന്ധുക്കളേയും (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) അനുവദിക്കുന്നതാണ്. ഇതിന് പ്രത്യേകം അപേക്ഷ വാങ്ങേണ്ടതും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. പദ്ധതി കാലയളവിനുശേഷം ഇത്തരത്തിൽ ഇളവ് നൽകിയ ജീവനക്കാരുടെ/ബന്ധുക്കളുടെ പേര്, ശാഖ, ചിട്ടി നമ്പർ, അനുവദിച്ച ഇളവ് തുക എന്നിവ മേഖലാകാര്യാലയം മുഖേന മുഖ്യ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

13) ഈ പദ്ധതിപ്രകാരം ശാഖകളിൽ ചിട്ടി വിളിക്കാത്ത (Non-Prized) വരിക്കാർക്ക് ചിട്ടി കാലാവധിയുടെ 70% തവണകൾ വരെയുള്ള കുടിശ്ശിക [70-)മത്തെ തവണതീയ്യതി വരെ] പലിശയില്ലാതെ അടച്ചുതീർത്ത് ചിട്ടി വിളിക്കുവാൻ അർഹത നേടാവുന്നതാണ്.

14) ഈ പദ്ധതിപ്രകാരം ശാഖകളിൽ KPL, KHL എന്നീ EMI Based വായ്പകൾക്ക് പിഴപ്പലിശയിൽ (തുകയിൽ) 100% ഇളവ് അനുവദിക്കാവുന്നതാണ്.

15) ഈ പദ്ധതിപ്രകാരം ശാഖകളിൽ KPL, KHL എന്നീ EMI Based വായ്പകളിൽ ഒരു കാരണവശാലും തവണസംഖ്യകളിൽ (EMI) ഇളവ് അനുവദിക്കുന്നതല്ല.

16) ഈ പദ്ധതിപ്രകാരം CVL, NCL, Special Car Loan, VDL എന്നീ വായ്പകളിൽ പിഴപ്പലിശ 100% ഒഴിവാക്കാവുന്നതാണ്.

17) FD ലോൺ, പാസ് ബുക്ക് ലോൺ, ഗോൾഡ് ലോൺ എന്നിവയ്ക്ക് ഈ പദ്ധതി ബാധകമല്ല.

18) ഈ പദ്ധതി കാലയളവിനുള്ളിൽ അവസാനിക്കുന്ന/അവസാനിച്ച ചിട്ടികളിലെ Chitty auction Difference (PBNP),ചിട്ടി വിളിച്ചെടുത്ത് ചിട്ടിപ്പണം CSDT യിൽ നിക്ഷേപിച്ചതിനുശേഷം (മേൽബാധ്യത ചിട്ടിപ്പണത്തിനേക്കാൾ കൂടുതലായ അക്കൗണ്ടുകളിൽ/നാലാമത്തെ കുടിശ്ശിക തീയ്യതിയിൽ അക്കൗണ്ട് ക്ലോസ് ചെയ്ത് ബാക്കിവരുന്ന തുക സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചത്) എന്നീ അക്കൗണ്ടുകളിൽ സ്ഥിരനിക്ഷേപത്തിന്റെ നിരക്കിലോ, സ്ഥിരനിക്ഷേപത്തേക്കാൾ 2% അധികം നിരക്കിലോ നൽകി മേൽ അക്കൗണ്ടുകൾ ചിട്ടികൾ അവസാനിക്കുന്ന മുറയ്ക്ക് അതാത് മാസം തന്നെ ഈ പദ്ധതി മുഖേന തീർപ്പാക്കാവുന്നതാണ്. എന്നിട്ടും തികയാതെ വരുന്ന അക്കൗണ്ടുകളിൽ വരിക്കാർ ബാലൻസ് തുക അടയ്ക്കുവാൻ തയ്യാറായാൽ അത്തരം അക്കൗണ്ടുകൾ തീർപ്പാക്കുന്നതിന് പലിശ ഒട്ടും തന്നെ ഈടാക്കുന്നതല്ല. ഈ ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തി ഇത്തരം അക്കൗണ്ടുകൾ പദ്ധതി കാലയളവിൽതന്നെ തീർപ്പാക്കേണ്ടതാണ്.

മേൽ പദ്ധതിയുടെ വിജയത്തിനുവേണ്ടി എല്ലാവരുടെയും സഹകരണവും പ്രയത്നവും ഉറപ്പുവരുത്തുന്നതിനും പരമാവധി ഇടപാടുകാരിലേയ്ക്ക് ഇത് എത്തിക്കുന്നതിനും എല്ലാ ശാഖാ തലവന്മാരും, മേഖലാ അസിസ്റ്റന്റ് ജനറൽ മാനേജർമാരും, സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ ആർ) ഓഫീസിലെ മാനേജർമാരും, സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർമാരും (ആർ ആർ) പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

***കെ എസ് എഫ് ഇ യ്ക്കുവേണ്ടി,***

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

പകർപ്പ്:

1)എല്ലാ എസ് ഡി ടി ഓഫീസുകൾക്കും
2)എല്ലാ ശാഖകൾക്കും
3)എല്ലാ മേഖലാ തലവന്മാർക്കും.
4) എല്ലാ ഓഡിറ്റ് ടീമുകൾക്കും.
5) ഹെഡ്സ് ഓഫീസിലെ എല്ലാ വിഭാഗങ്ങളിലേയും തലവന്മാർക്കും.
6) ഡെപ്യൂട്ടി കളക്ടർ (ആർ ആർ)
7) ലെയ്സൺ ഓഫീസർ, കെ.എസ്.എഫ്.ഇ.,തിരുവനന്തപുരം
8) ബഹു. ചെയർമാന്റെ പി എ.

KERALA STATE FINANCIAL ENTERPRISES H.O. (R.R.) Date:.............. THRISSUR